## AIRRBEA പതിനാലാമത് സമ്മേളനം ആരംഭിച്ചു.

AIRRBEA അഖിലേന്ത്യാ സമ്മേളനം സ. വിജുകൃഷ്ണൻ ഉദ്ഘാടനം ചെയ്തു തുടക്കം കുറിച്ചു

ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ അഖിലേന്ത്യാ സംഘടനയായ AIRRBEA യുടെ പതിനാലാമത് അഖിലേന്ത്യാ സമ്മേളനം ആസ്സാമിലെ ഗുവാഹത്തിയിൽ ആരംഭിച്ചു. ആൾ ഇന്ത്യ കിസാൻ സഭ ജോയിന്റ് സെക്രട്ടറിയും കർഷക സമര മുന്നണി പോരാളിയുമായ സ. വിജു കൃഷ്ണനാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്.




കർഷക സമരത്തിനാധാരമായ ഇന്ത്യയിലെ കാർഷിക പ്രതിസന്ധികളുടെ ചരിത്രപരമായ കാരണങ്ങളിൽ തുടങ്ങി, കേന്ദ്ര സർക്കാർ കൊണ്ടുവന്ന കാർഷിക ഭേദഗതി നിയമത്തിന്റെ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് അദ്ദേഹം തന്റെ പ്രസംഗത്തിൽ പ്രതിപാദിച്ചു.

പ്രസംഗത്തിൽ സൂചിപ്പിച്ച പ്രധാന വിഷയങ്ങൾ :

**AIRRBEA അഖിലേന്ത്യാ സമ്മേളനം സ. വിജുകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.**

**ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ അഖിലേന്ത്യാ സംഘടനയായ AIRRBEA യുടെ പതിനാലാമത് അഖിലേന്ത്യാ സമ്മേളനം ആസ്സാമിലെ ഗുവാഹത്തിയിൽ ആരംഭിച്ചു. ആൾ ഇന്ത്യ കിസാൻ സഭ ജോയിന്റ് സെക്രട്ടറിയും കർഷക സമര**

മുന്നണി പോരാളിയുമായ സ. വിജു കൃഷ്ണനാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്.

കർഷക സമരത്തിനാധാരമായ ഇന്ത്യയിലെ കാർഷിക പ്രതിസന്ധികളുടെ ചരിത്രപരമായ കാരണങ്ങളിൽ തുടങ്ങി, കേന്ദ്ര സർക്കാർ കൊണ്ടുവന്ന കാർഷിക ഭേദഗതി നിയമത്തിന്റെ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് അദ്ദേഹം തന്റെ പ്രസംഗത്തിൽ പ്രതിപാദിച്ചു.

പ്രസംഗത്തിൽ സൂചിപ്പിച്ച പ്രധാന വിഷയങ്ങൾ :

വ്യത്യസ്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളിൽ ഉള്ളവർക്ക് പോലും വർഗ രാഷ്ട്രീയത്തിന്റെ ചിന്തകളിലേക്ക് കടന്നുവരേണ്ടി വന്ന സാഹചര്യമാണ് കർഷക സമരത്തിന്റെ വർത്തമാന കാല പ്രസക്തി. കോവിഡ് കാലഘട്ടത്തിൽ മഹാമാരിയുടെ പ്രതിസന്ധികൾക്കൊപ്പം കർഷക സമരത്തിന്റെ ഭാഗമായിട്ടുള്ള ജീവൻമരണ പോരാട്ടത്തിലായിരുന്നു ഇന്ത്യയിലെ കർഷകർ. അവരെ ഖാലിസ്ഥാൻ വാദികളും ചൈനീസ് ചാരന്മാരുമെല്ലാം ആക്കി മാറ്റാനുള്ള ആസൂത്രിതമായ കുപ്രചരണങ്ങൾ ഭരണകൂടങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായി.വ്യാപകമായി കള്ളക്കേസുകൾ ഉണ്ടാക്കി. ഹരിയാനയിൽ മാത്രം 48000 പോലീസ് കേസുകൾ കർഷകർക്കെതിരെ ചുമത്തി.എന്നാൽ സമരത്തിന്റെ ശരിമ ഇത്തരം വ്യാജ പ്രചരണങ്ങളുടെ മുനയൊടിച്ചു. ഭയരഹിതമായി കർഷകർ ഈ സമര പന്ഥാവിൽ അണിനിരന്നു. ലോകത്താകമാനമുള്ള ഫാസിസ്റ്റു വിരുദ്ധ പോരാളികൾക്ക് ആവേശം പകരുന്നതാണ് ഈ സമരമെന്ന് പ്രശസ്ത ചിന്തകൻ നോം ചോസ്കി അഭിപ്രായപ്പെട്ടു.




ബാങ്കിങ്ങ് സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായുള്ള ബാങ്കിംഗ് ഭേദഗതി ബിൽ ഇന്ത്യൻ പാർലിമെന്റിൽ അവതരിപ്പിക്കാൻ ഒരുങ്ങുന്ന വർത്തമാന കാലഘട്ടത്തിൽ അതിനെതിരെ തൊഴിലാളികളുടെ ഭാഗത്തുനിന്നും വലിയ പ്രതിഷേധങ്ങളും സമരങ്ങളും ഉയർന്നു വരേണ്ടതുണ്ട്. ബാങ്കുകളെ സ്വകാര്യവൽക്കരിക്കുക എന്നതിന്റെ  പ്രത്യാഘാതം ബാങ്ക് ജീവനക്കാരുടെ മാത്രം പ്രശ്നമല്ല, അത് സമൂഹത്തിന്റെ മൊത്തം പ്രശ്നമാണ്.ഗ്രാമീണ ബാങ്ക് മേഖലയിൽ, സ്പോൺസർ ബാങ്കുകളുടെ നിയന്ത്രണമില്ലാത്ത നാഷണൽ റൂറൽ ബാങ്ക് ഓഫ് ഇന്ത്യ (NRBI)എന്ന ആശയം സാക്ഷാൽക്കരിക്കപ്പെടേണ്ടത് രാജ്യത്തെ കാർഷിക മേഖലയുടെ കൂടി ആവശ്യമാണ്.

**കർഷക സമരത്തിന്റെ വിജയം രാജ്യത്തെ ജനാധിപത്യ ആശയങ്ങളുടെ കൂടി വിജയമാണ്. സമരത്തിന്റെ അനുഭവങ്ങളിൽ നിന്നും രാജ്യത്ത്,തൊഴിലാളി- കർഷക ഐക്യ നിര ഉയർന്നു വരികയും അത് ചൂഷണ വ്യവസ്ഥക്കെതിരെ ശബ്ദമുയർത്തുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.**വ്യത്യസ്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളിൽ ഉള്ളവർക്ക് പോലും വർഗ രാഷ്ട്രീയത്തിന്റെ ചിന്തകളിലേക്ക് കടന്നുവരേണ്ടി വന്ന സാഹചര്യമാണ് കർഷക സമരത്തിന്റെ വർത്തമാന കാല പ്രസക്തി. കോവിഡ് കാലഘട്ടത്തിൽ മഹാമാരിയുടെ പ്രതിസന്ധികൾക്കൊപ്പം കർഷക സമരത്തിന്റെ ഭാഗമായിട്ടുള്ള ജീവൻമരണ പോരാട്ടത്തിലായിരുന്നു ഇന്ത്യയിലെ കർഷകർ. അവരെ ഖാലിസ്ഥാൻ വാദികളും ചൈനീസ് ചാരന്മാരുമെല്ലാം ആക്കി മാറ്റാനുള്ള ആസൂത്രിതമായ കുപ്രചരണങ്ങൾ ഭരണകൂടങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായി.വ്യാപകമായി കള്ളക്കേസുകൾ ഉണ്ടാക്കി. ഹരിയാനയിൽ മാത്രം 48000 പോലീസ് കേസുകൾ കർഷകർക്കെതിരെ ചുമത്തി.എന്നാൽ സമരത്തിന്റെ ശരിമ ഇത്തരം വ്യാജ പ്രചരണങ്ങളുടെ മുനയൊടിച്ചു. ഭയരഹിതമായി കർഷകർ ഈ സമര പന്ഥാവിൽ അണിനിരന്നു. ലോകത്താകമാനമുള്ള ഫാസിസ്റ്റു വിരുദ്ധ പോരാളികൾക്ക് ആവേശം പകരുന്നതാണ് ഈ സമരമെന്ന് പ്രശസ്ത ചിന്തകൻ നോം ചോസ്കി അഭിപ്രായപ്പെട്ടു.

ബാങ്കിങ്ങ് സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായുള്ള ബാങ്കിംഗ് ഭേദഗതി ബിൽ ഇന്ത്യൻ പാർലിമെന്റിൽ അവതരിപ്പിക്കാൻ ഒരുങ്ങുന്ന വർത്തമാന കാലഘട്ടത്തിൽ അതിനെതിരെ തൊഴിലാളികളുടെ ഭാഗത്തുനിന്നും വലിയ പ്രതിഷേധങ്ങളും സമരങ്ങളും ഉയർന്നു വരേണ്ടതുണ്ട്. ബാങ്കുകളെ സ്വകാര്യവൽക്കരിക്കുക എന്നതിന്റെ പ്രത്യാഘാതം ബാങ്ക് ജീവനക്കാരുടെ മാത്രം പ്രശ്നമല്ല, അത് സമൂഹത്തിന്റെ മൊത്തം പ്രശ്നമാണ്.ഗ്രാമീണ ബാങ്ക് മേഖലയിൽ, സ്പോൺസർ ബാങ്കുകളുടെ നിയന്ത്രണമില്ലാത്ത നാഷണൽ റൂറൽ ബാങ്ക് ഓഫ് ഇന്ത്യ (NRBI)എന്ന ആശയം സാക്ഷാൽക്കരിക്കപ്പെടേണ്ടത് രാജ്യത്തെ കാർഷിക മേഖലയുടെ കൂടി ആവശ്യമാണ്.

കർഷക സമരത്തിന്റെ വിജയം രാജ്യത്തെ ജനാധിപത്യ ആശയങ്ങളുടെ കൂടി വിജയമാണ്. സമരത്തിന്റെ അനുഭവങ്ങളിൽ നിന്നും രാജ്യത്ത്,തൊഴിലാളി- കർഷക ഐക്യ നിര ഉയർന്നു വരികയും അത് ചൂഷണ വ്യവസ്ഥക്കെതിരെ ശബ്ദമുയർത്തുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.
രണ്ടു ദിവസം ആയി നടക്കുന്ന സമ്മേളനത്തിൽ 750തോളം ഗ്രാമീണ ബാങ്ക് ജീവനക്കാർ പങ്കെടുത്തു. കേരളത്തിൽ നിന്നും 26പേരാണ് പങ്കെടുത്തത്.